ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ഡി.എം.ഒ.യുടെ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി. കെട്ടിടത്തിന്റെ പുനർനിർമ്മാണം

40 (4911) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മൊഗ്രാൽപുത്തൂർ പഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രി കെട്ടിടം പുനർനിർമ്മാണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടത്തിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദന ത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്ന താണ്.

മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് വരുത്തിയ പരിഷ്ക്കാരങ്ങൾ

41 (4912) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുത്തിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാ ക്കുമോ ;

(ബി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് കൊടുക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മെഡിക്കൽ വിദ്യാർത്ഥികൾക്ക് എത്രയായിരുന്നു സ്റ്റൈപ്പന്റ് ; ഇപ്പോൾ എത്രയാണ് ;

(ഡി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഏർപ്പെടുത്തിയ ഒരു പ്രധാന പരിഷ്ക്കാരമാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്. ഇതുവഴി

LIBRARY ARCHIVES Kerala Legislative Assembly

പല ഭാഗങ്ങളിലായി ചിതറിക്കിടന്ന മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി; പാരാമെഡിക്കൽ കോഴ്സുകളെ ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാനും കോഴ്സുകളുടെ നടത്തിപ്പിൽ ഐകരൂപ്യവും തുല്യതയും ഉറപ്പാക്കാനും സാധിച്ചു. മെഡിക്കൽ കോളേജുകളിൽ മെഡിസിന്റേയും പി.ജി. മെഡിസിന്റേയും സീറ്റുകൾ വർദ്ധിപ്പിക്കുകയും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. മെഡിക്കൽ കോളേജുകളിലും ദന്തൽ കോളേജുകളിലും റെഡിസൻസി സിസ്റ്റം നടപ്പിലാക്കി. മെഡിക്കൽ · വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള എല്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളേയും ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ഇ-ജേർണൽ സംവിധാനം ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏഴു നിലകളുള്ള പുതിയ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി സജ്ജമാക്കി ഭാഗികമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രികളെ പൂർണ്ണമായും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ കൊണ്ടുവന്നതു വഴി ഭരണക്രമം കൂടുതൽ എളുപ്പമാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റുകയും തൃശൂർ മെഡിക്കൽ കോളേജിന്റെ പുതിയ ബ്ളോക്കിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. ആലപ്പുഴ, തൃശൂർ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ എം.ആർ.ഐ. സ്കാൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിനോട് ചേർന്ന് സ്പോർട്ട്സ് മെഡിസിൻ സംവിധാനം ആരംഭിക്കാൻ കഴിഞ്ഞു. മെഡിക്കൽ ക്ലിനിക്കൽ/നോൺ ക്ലിനിക്കൽ വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തി. മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസി അദ്ധ്യാപകർക്ക് യു.ജി.സി. സ്കീം അടിസ്ഥാനപ്പെടുത്തി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. മെഡിക്കൽ/ദന്തൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ചു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ റഫറൽ സമ്പ്രദായം നടപ്പിലാക്കി. തിരുവനന്തപുരം, കോഴിക്കോട് ദന്തൽ കോളേജുകളിൽ ബി.ഡി.എസ്. സീറ്റ് 40-ൽ നിന്നും 50 ആക്കി ഉയർത്തി. കൂടാതെ പി.ജി. സീറ്റുകളും വർദ്ധിപ്പിച്ചു. തിരുവനന്തപുരം, കോഴിക്കോട് ദന്തൽ കോളേജുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ദന്തൽ ചെയറുകളും യന്ത്രോപകരണങ്ങളും വാങ്ങി. കോട്ടയത്ത് പുതിയ ബ്ളോക്കിന് അനുമതി നൽകുകയും വനിതകളുടെ ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. കോഴിക്കോട് വനിതാ ഹോസ്റ്റലിന്റെ പണി പുരോഗമിക്കുന്നു.

സംസ്ഥാനത്ത് 18 നഴ്സിംഗ് സ്കൂളുകൾ സർക്കാർ മേഖലയിലുണ്ട്. ഡി.എച്ച്. എസ്.-ന്റെ കീഴിൽ 15 നഴ്സിംഗ് സ്കൂളുകളും ഡി.എം.ഇ.യുടെ കീഴിൽ 3 സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. സർക്കാർ മേഖലയിൽ 5

LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗ് കോളേജുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 5 മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നു. ഇതിനു പുറമേ കേരള സർക്കാരിന്റെ കീഴിൽ State Institute of Medical Education & Technologies എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. അതിന് കീഴിൽ 2009-ൽ 3 നഴ്സിംഗ് കോളേജുകളും 2 പാരാമെഡിക്കൽ സ്ഥാപനങ്ങളും ആരംഭിച്ചു. 2010-ൽ ആലപ്പുഴയിലും തൃശൂരിലും എം.എസ്. സി. നഴ്സിംഗ് ആരംഭിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. സർക്കാർ മേഖലയിൽ നിർബന്ധിത സേവനം അനുഷ്ഠിക്കുന്നതിന് ഒരു വർഷത്തെ ബോണ്ട് പോസ്റ്റിംഗ്, B.Sc കഴിഞ്ഞ വിദ്യാർത്ഥികൾക്കും എം.എസ്.സി. കഴിഞ്ഞവർക്കും കർശനമാക്കി. അതുപോലെ എം.എസ്.സി. കഴിഞ്ഞവർ സർക്കാരിന്റെതന്നെ നഴ്സിംഗ് കോളേജുകളിലും SIMET കോളേജുകളിലും അദ്ധ്യാപകരായി നിർബന്ധിത സേവനം അനുഷ്ഠിക്കുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ് നൽകിവരുന്നു. ഹോസ്റ്റൽ ആനുകൂല്യം ലഭ്യമാകുന്ന മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയും അല്ലാത്തവർക്ക് പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നുണ്ട്. കൂടാതെ ഹൗസ് സർജൻമാർക്കും പി.ജി. വിദ്യാർത്ഥികൾക്കും പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

		ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള തുക	ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള തുക
1	ഹൗസ് സർജൻ	5320	7000
2	പി.ജി.ഡിഗ്രി/ഡിപ്ലോമ	10000	18500
3	പി.ജി. സൂപ്പർ സ്പെഷ്യാലിറ്റി	10000	21000
4	പട്ടികജാതി/പട്ടിക വർഗ്ഗ ഒ.ഇ.സി. വിദ്യാർത്ഥികൾ		
	ലംപ്സംഗ്രാന്റ്	1375	2065
	പോക്കറ്റ് മണി	80	120
	സ്റ്റൈപ്പന്റ് (8 കി.മീ. ന് ഉള്ളിൽ)	270	405
	സ്റ്റൈപ്പന്റ് 8 കി.മീ.ന് പുറത്ത്	315	475

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രൈവറ്റ് ആയി താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ആനുകൂല്യം 1000-ൽ നിന്നും 1500 ആക്കി സർക്കാർ ഉയർത്തി. അർഹരായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യവും നൽകുന്നുണ്ട്.

ഡോക്ടർമാരുടെ സമരം

42 (4913) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര തവണ സമരം നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ ചട്ടപ്പടി സമരവും പണിമുടക്ക് സമരവും എത്ര തവണ നടത്തി ;

(സി) ഈ സമരങ്ങളെ നേരിടാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) അവരുടെ ആവശ്യങ്ങൾ ഏതെങ്കിലും അംഗീകരിച്ചു കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഇ) അവ എന്നാണ് അംഗീകരിച്ചത് ;

(എഫ്) അവ അംഗീകരിച്ചുകൊടുത്ത ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ജി) ഇനി ഏതെല്ലാം ആവശ്യങ്ങൾ അംഗീകരിച്ചുകൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ ആവശ്യങ്ങൾ അംഗീകരിക്കാത്തതിന് കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ - എച്ച്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ പ്ലേസ്മെന്റ്

43 (4914) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ പ്ലേസ്മെന്റ്/പോസ്റ്റിംഗിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർക്ക് നിലവിലെ ഉത്തരവുകൾ പ്രകാരമുള്ള പരിരക്ഷ കിട്ടിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly